**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **27-01-2026 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പിലെ തസ്തികകളുടെ പുനർനാമകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പിലെ ഏതെല്ലാം കാറ്റഗറി സംഘടനകൾ ആണ് തസ്തിക പുനർനാമകരണവുമായി ബന്ധപ്പെട്ട് കത്ത് നൽകിയിട്ടുള്ളത്; എന്നാണ് നൽകിയത്; വിശദമാക്കാമോ; | (എ) | 1. Kerala Govt.Dental Hygienist Association State Council.<br>2. Kerala Govt. Dental Mechanic Association.<br>3. Kerala Govt. Pharmacist Association.<br>4. Kerala Health Services Laboratory technicians Association.<br>5. Kerala Govt. Medical Officers Association.<br>6. Kerala Health Services Laboratory technicians Association.<br>7.Kerala Govt. Optometrists Association.<br>8.Kerala Govt. Medical Officers Association.<br>9.Kerala Govt. Dental Hygienist Association State Council.<br>10. Kerala Govt. Pharmacist Association.<br>11. Kerala Govt. Optometrists Association.<br>12.Kerala Govt. Dental Hygienist Association State Council.<br>13.Orthotics & prosthetics Association of India. |
| (ബി) | ആരോഗ്യ വകുപ്പിലെ സാങ്കേതിക വിദഗ്ധരായ ഡന്റൽ ഹൈജീനിസ്റ്റുകളെ ഡന്റൽ ഹൈജീൻ ഓഫീസർ എന്നാക്കി പുനർനാമകരണം ചെയ്യാൻ നാല് വർഷം മുൻപ് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | ഡെന്റൽ ഹൈജീനിസ്റ്റ് സീനിയർ ഗ്രേഡ് തസ്തികയുടെ പേര് ഡെന്റൽ ഹൈജീനിസ്റ്റ് ഓഫീസർ എന്ന് പുനർ നാമകരണം ചെയ്യുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഡെന്റൽ ഹൈജീനിസ്റ്റ് സീനിയർ ഗ്രേഡ് തസ്തികയുടെ പേര് ഡെന്റൽ ഹൈജീനിസ്റ്റ് ഓഫീസർ എന്നാക്കി മാറ്റുന്നതിനായി കേരള ഗവ.ഡെന്റൽ ഹൈജീനിസ്റ്റ് അസോസിയേഷൻ സ്റ്റേറ്റ് കൗൺസിൽ എന്ന സംഘടന ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.40927/2025 എന്ന കേസിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബഹു. ഹൈക്കോടതി 6 മാസം സമയം അനുവദിച്ചിട്ടുണ്ട്. ആയതിന്റെയും അടിസ്ഥാനത്തിൽ നിലവിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ സ്വീകരിച്ച് വരുന്നു. |
| (സി) | മേൽപ്പറഞ്ഞ വിഷയത്തിൽ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ; | (സി) | കേരള ഗവ.ഡെന്റൽ ഹൈജീനിസ്റ്റ് അസോസിയേഷൻ സ്റ്റേറ്റ് കൗൺസിൽ എന്ന സംഘടന ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.40927/2025 നമ്പർ കേസ് നിലവിലുണ്ട്.<br><br>സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബഹു. ഹൈക്കോടതി 6 മാസം സമയം അനുവദിച്ചിട്ടുണ്ട്.<br><br>നിലവിൽ ഈ വിഭാഗം ഉൾപ്പെടുന്ന സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ സ്വീകരിച്ച് വരികയാണ്. |
| (ഡി) | ആരോഗ്യ വകുപ്പിൽ നഴ്സുമാരുടെ പേര് മാറ്റം നടപ്പാക്കിയത് പോലെ, പ്രമോഷൻ അവസരം ഇല്ലാത്ത ഡന്റൽ ഹൈജീനിസ്റ്റുകളുടെ പുനർനാമകരണം നടത്തണമെന്നാവശ്യം ഉന്നയിക്കുമ്പോൾ മറ്റ് കാറ്റഗറികളുടെ കൂടെ മാത്രമേ പുനർനാമകരണം ചെയ്യാൻ സാധ്യമാകൂ എന്ന നിലപാട് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കേരള ഗവ.ഡെന്റൽ ഹൈജീനിസ്റ്റ് അസോസിയേഷൻ സ്റ്റേറ്റ് കൗൺസിൽ എന്ന സംഘടന ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.40927/2025 നമ്പർ കേസ് നിലവിലുണ്ട്.<br><br>സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബഹു. ഹൈക്കോടതി 6 മാസം സമയം അനുവദിച്ചിട്ടുണ്ട്.<br><br>നിലവിൽ ഈ വിഭാഗം ഉൾപ്പെടുന്ന സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ